# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3475 14.03.2017 -ലെ മറുപടി**

## കാവേരി നദീജല തർക്ക ട്രൈബ്യൂണൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ടി.ബൽറാം | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കാവേരി നദിയിൽ ചേരുന്നതും കേരളത്തിലൂടെ ഒഴുകുന്നതുമായ നദികളിൽ നിന്നും എത്ര ടി.എം.സി. വെള്ളമാണ് കാവേരി നദി ജല തർക്ക ട്രൈബ്യൂണൽ കേരളത്തിന് അനുവദിച്ചിട്ടുള്ളത്; | (എ) | കബനി, ഭവാനി, പാമ്പാർ എന്നീ കാവേരി സബ് ബേസിനുകളിൽ വിവിധ പദ്ധതികൾക്കായി കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് കബനി ബേസിനിൽ - 21 ടി.എം.സി.യും, ഭവാനി ബേസിനിൽ - 6 ടി.എം.സി.യും , പാമ്പാർ ബേസിനിൽ - 3 ടി.എം.സി.യും ജലം അനുവദിച്ചിട്ടുണ്ട്. |
| ബി) ഈ വിധിയിൽ അനുവദിച്ചിട്ടുള്ള ജലം മുഴുവനായും കേരളം ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) & (സി) | കാവേരി നദീജല ട്രിബ്യൂണൽ അവാർഡ് പ്രകാരം അനുവദിച്ച ജലം പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരികയാണ്. |
| സി) ഇല്ലെങ്കിൽ അനുവദിച്ച ജലം മുഴുവനായും ഉപയോഗിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | | കാരാപ്പുഴ പദ്ധതി, ബാണാസുര സാഗർ പദ്ധതി, ചെങ്കല്ലാർ സ്കീമിലെ പട്ടിശ്ശേരി ഡാം, കബനി സബ്ബ് ബേസിനിലെ വയനാട് ജില്ലയിൽ 3 ചെക്ക് ഡാമുകൾ, പാമ്പാർ സബ് ബേസിനിലെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ പഞ്ചായത്തിലെ സൂക്ഷ്മ ജലസേചന പ്രവൃത്തികൾ, ഭവാനി ബേസിനിലെ പാലക്കാട് ജില്ലയിൽ അട്ടപ്പാടി യിൽ 4 ചെക്ക് ഡാം, 6 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ